**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. AD A1/2/52/2021 തീയതി: 26.04.2021

Draft #1 of File AD A1/2/52/2021 Approved by ASSISTANT REGISTRAR I (ADMIN) on 26-Apr-2021 05:04 PM - Page 1

**സർക്കുലർ**

വിഷയം:- സർവ്വകലാശാലയിലെ റവന്യൂ വരുമാനം നിരീക്ഷിക്കുന്നതിനായി രൂപീകരിച്ച ഇന്റേണൽ ഓഡിറ്റ് വിഭാഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ,ശക്തിപ്പെടുത്തുന്നതിനും വേണ്ടി രജിസ്ട്രാറുടെ ചേംബറിൽ കൂടിയ യോഗത്തിലെ തീരുമാനം - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 21.04.2021 തീയതിയിലെ രജിസ്ട്രാറുടെ കുറിപ്പ് നമ്പർ -രജി/2/78/2021.

സർവ്വകലാശാലയിലെ റവന്യൂ വരുമാനം നിരീക്ഷിക്കുന്നതിനായി രൂപീകരിച്ച ഇന്റേണൽ ഓഡിറ്റ് വിഭാഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും, ശക്തിപ്പെടുത്തുന്നതിനും വേണ്ടി 2021 ഏപ്രിൽ 8 -ന് രജിസ്ട്രാറുടെ ചേംബറിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ ബഹു വൈസ് ചാൻസിലർ അംഗീകരിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് എന്ന് രജിസ്ട്രാർ അറിയിക്കുന്നു.

1. ഫീസുകൾ ശേഖരിക്കേണ്ട ഭരണ വിഭാഗത്തിലേയും പരീക്ഷ വിഭാഗത്തിലേയും ബന്ധപ്പെട്ട സെക്ഷനുകൾ കൃത്യമായും വാർഷിക DCB Statement -കൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുമ്പോൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് .
2. പരീക്ഷാ വിഭാഗത്തിലേയും, ഭരണ വിഭാഗത്തിലേയും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാർ തങ്ങളുടെ കീഴിലെ സെക്ഷനുകൾ DCB Statement -കൾ തയ്യാറാക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും, ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
3. 2019 -2020 മുതലുള്ള പ്രവേശനം സംബന്ധമായ ഫീ ഒടുക്ക് വിവരങ്ങൾ ഓൺ ലൈൻ ആയി ലഭ്യമാകുന്ന സാഹചര്യത്തിൽ NO DUE CERTIFICATE നൽകുന്നതിന് Internal Audit സെക്ഷനുകളിൽ നിന്നുമുള്ള അഭിപ്രായങ്ങൾ തേടേണ്ടതും, ഇതിനായി DSS, SPESS എന്നീവിടങ്ങളിൽ നിന്നുമുള്ള NO DUE CERTIFICATE തേടേണ്ടതില്ലാത്തതുമാണ്.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ /ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി/ഡേ ഫയൽ/നോട്ടീസ് ബോർഡ്